പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :2174 8.12.2014-ൽ മറുപടിയ്ക്ക്

സ്റ്റുഡൻസ് അഗ്രികൾച്ചറൽ ഫോറസ്റ്റേഷൻ പ്രോഗ്രാം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ.സെൽവരാജ്<br>" ജോസഫ് വാഴയ്ക്കൻ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) | |
| എ) | വനം വകുപ്പിന്റെ നേതൃത്വത്തിൽ സ്റ്റുഡൻസ് അഗ്രിക്കൾച്ചറൽ ഫോറസ്റ്റേഷൻ പ്രോഗ്രാമിന് രൂപം നൽകിയിട്ടുണ്ടോ ; | എ) | ഉണ്ട്. |
| ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) | എന്റെ മരം പദ്ധതിയിൽ വൃക്ഷം നട്ടുവളർത്തുന്ന വിദ്യാർത്ഥിക്ക് 10-ാം ക്ലാസ്സ് പരീക്ഷയ്ക്ക് ഗ്രേസ് മാർക്ക് നൽകുവാൻ വിഭാവനം ചെയ്തിരുന്ന ടി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറ യുന്നവയാണ്.<br><br>1. ഭൂമിയെ ഹരിതാഭമാക്കേണ്ട തിന്റെ ആവശ്യകതയെപ്പറ്റി വിദ്യാർത്ഥികളിൽ അവബോധം വളർത്തുക.<br>2. വ്യക്തിയും ഭൂമിയും തമ്മിലുള്ള ബന്ധം വളർത്തുന്നതിന് സഹായിക്കുക.<br>3. വൃക്ഷങ്ങൾ നടേ ണ്ടതിന്റെ ആവശ്യകത വിദ്യാർത്ഥികൾക്ക് ബോധ്യപ്പെടുത്തുക.<br>4. കുടുംബത്തിനാവശ്യമായതിന്റെ ഒരു ഭാഗമെങ്കിലും പച്ചക്കറികൾ സ്വയം കൃഷിചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുക.<br>5. ഹരിതവൽക്കരണത്തിനെ പ്രോത്സാഹിപ്പിക്കുന്നതിനായി ബന്ധപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുക. |
| സി) | സ്കൂൾ കുട്ടികൾക്ക് കൃഷിയിലും വനവൽക്കരണത്തിലും | സി) | വിദ്യാർത്ഥികൾക്ക് എന്റെ മരം പദ്ധതിയിൽ ഉൾപ്പെടുത്തി വൃക്ഷത്തൈകൾ സൗജന്യമായി വിതരണം |

പ്രോൽസാഹനം നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

ചെയ്യുക, അവരെക്കൊണ്ട് അത് നട്ടുവളർത്തുന്നതിനും തുടർ പരിപാലനം നടത്തുന്നതിന് വേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകുക, ബന്ധപ്പെട്ട വിദ്യാർത്ഥി 10-ാം ക്ലാസ്സു വരെയും അവയെ പരിപാലിക്കുക, നിരീക്ഷണഫലങ്ങൾ ഇക്കാര്യത്തിലേക്ക് പ്രത്യേകം നൽകപ്പെടുന്ന ഡോക്യുമെന്റേഷൻ കാർഡിൽ രേഖപ്പെടുത്തുക, തുടർന്ന് ടി വൃക്ഷങ്ങളുടെ നിലവിലുള്ള അവസ്ഥയെപ്പറ്റി വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന വിലയിരുത്തിലിന്മേൽ ആവശ്യമെങ്കിൽ Random verification നടത്തി, ഗ്രേസ് മാർക്ക് നൽകുന്ന പ്രക്രിയയെ സുഗമമാക്കുക എന്നതു മാത്രമാണ് വനം വകുപ്പിന്റെ ഭാഗത്തുനിന്നും ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്.

ഡി) സ്കൂളുകളിൽ പ്രസ്തുത പ്രോഗ്രാം ഡി) ഈ അദ്ധ്യയന വർഷം മുതൽ നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ?

സ്കൂൾ കുട്ടികൾക്ക് കൃഷിയിലും വനവൽക്കരണത്തിലും പ്രോൽസാഹനം നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ